## ക്രിസ്തു വെളിച്ചത്തിലുള്ള വിശുദ്ധന്മാരുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയാണ്

**I. സർവോൽകൃഷ്ടനും സർവവും-ഉൾക്കൊള്ളുന്നവനുമായ ക്രിസ്തു വെളിച്ചത്തിലുള്ള വിശുദ്ധന്മാരുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയാണ്**

- നറുക്കിട്ടുനൽകപ്പെട്ട ഓഹരി അവകാശത്തിന്റെ പങ്കിനെ സൂചിപ്പിക്കുന്നു
- നമുക്ക് ഇന്ന് നറുക്കിട്ടുനൽകപ്പെട്ട ഓഹരി ജീവൻ-നൽകുന്ന ആത്മാവായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു ആണ്
- നല്ലദേശമായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കുവാൻ നാം വെളിച്ചത്തിൽ ആയിരിക്കണം; വെളിച്ചം ദൈവത്തിന്റെ സാന്നിധ്യമാണ്
  - ദൈവം, ദൈവവചനം, ക്രിസ്തു, ക്രിസ്തുവിന്റെ ജീവൻ, വിശ്വാസികൾ എന്നിവർ വെളിച്ചമാണ്. സഭ വെളിച്ചത്തെ പ്രകാശിക്കുന്ന നിലവിളക്കാണ്.

## നല്ലദേശമായ ക്രിസ്തു നാം വേരൂന്നിയിരിക്കുന്ന സമ്പന്നമായ മണ്ണാണ്

**II. നല്ലദേശമായ ക്രിസ്തു നാം വേരൂന്നിയിരിക്കുന്ന സമ്പന്നമായ മണ്ണാണ്**

- മണ്ണായ ക്രിസ്തുവിലേക്ക് പൗലൊസ് വിശ്വാസികളെ നട്ടു.
- ക്രിസ്തുവിലേക്ക് നട്ടിരിക്കുന്ന നാം അവനെ ആഗിരണം ചെയ്യുവാൻ അനുദിനം സമയമെടുക്കണം
  - നമുക്ക് മൃദുവായ പുതുവേരുകൾ ഉണ്ടായിരിക്കണം
  - കർത്താവിനെ ആഗിരണം ചെയ്യുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി നമ്മിലുള്ള ദൈവത്തിന്റെ വളർച്ചയാൽ നാം വളരുന്നു
- കർത്താവിനെ ആഗിരണം ചെയ്യുന്നതിന് അവന്റെ സാന്നിധ്യത്തിൽ തങ്ങുവാൻ നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്തുകൊണ്ട് അവനെ ഗാഢമായി സ്നേഹിക്കുകയും, അവനെ സ്തുതിക്കുകയും, അവന് സ്തോത്രം അർപ്പിക്കുകയും അവനോട് സ്വതന്ത്രമായി സംസാരിക്കുകയും വേണം
- സഭയുടെ വാസ്തവമായ കെട്ടുപണി വിശ്വാസികളുടെ ജീവനിലുള്ള വളർച്ചയാലാണ്

## കൊലൊസ്സ്യർ 2:8-15 ൽ വിവരിച്ചിരിക്കുന്ന ഈ മണ്ണ് നമ്മുടെ അനുഭവമാകുവാൻ—അവനെ ആഗിരണ ചെയ്യുക

**III. ഒന്നിനും കുറവില്ലാത്ത മണ്ണായ ക്രിസ്തുവിന്റെ ഒരു പൂർണ വിവരണവും നിർവചനവും കൊലൊസ്സ്യർ 2:8-15 അവതരിപ്പിക്കുന്നു. അവനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കുമ്പോൾ, ഈ വാക്യങ്ങളിലുള്ള വസ്തുതകൾ നമ്മുടെ അനുഭവമായിത്തീരുന്നു**

മണ്ണായ ക്രിസ്തുവിൽ:

- ദൈവത്വത്തിന്റെ സമ്പന്നത മാത്രമല്ല, ദൈവം താൻ ആയിരിക്കുന്നതിന്റെ സമ്പന്നതയുടെ ആവിഷ്കാരവുമുണ്ട്
- നാം വേരൂന്നിയിരിക്കുമ്പോൾ, നാം അവനിൽ പൂർണരാകുന്നു; അവന്റെ ആവിഷ്കാരമായിത്തീരുവാൻ എല്ലാ ദിവ്യ സമ്പത്താലും നാം നിറയുന്നു
- നാം നിറയ്ക്കപ്പെടുയും, പൂർത്തീകരിക്കപ്പെടുകയും, തികഞ്ഞവരാക്കപ്പെടുകയും, സംതൃപ്തരാക്കപ്പെടുയും, സമ്പൂർണസഹായം പ്രാപിക്കുകയും ചെയ്യുന്നു
- സകല വാഴ്ച്ചയുടെയും അധികാരത്തിന്റെയുമേലുള്ള തലയായ്മ ഉണ്ട്
- കൊല്ലലിൻ ശക്തിയുണ്ട്, അത് ജഡത്തെ മരപ്പിക്കുന്നു
- നാം അടക്കപ്പെടുവാൻ ഇടയാക്കുന്ന മൂലകമുണ്ട്
- നാം ഉയിർപ്പിക്കപ്പെടുവാൻ ഇടയാക്കുന്ന മൂലകമുണ്ട്
- നമ്മെ ജീവിപ്പിക്കുന്ന മൂലകമുണ്ട്
- ചട്ടങ്ങളിലുള്ള കയ്യെഴുത്തുകളുടെ മായ്ച്ചുകളയലുണ്ട്
- അന്തരീക്ഷത്തിലെ ദുഷ്ടാത്മാക്കളുടെമേലുള്ള വിജയമുണ്ട്

## ഈ മണ്ണ് ദൈവത്തിന്റെ ചരിത്രവും മർമവുമാണ്

**IV. മണ്ണായ ക്രിസ്തു അവന്റെ വ്യക്തിയുടെയും പ്രക്രിയകളുടെയും എല്ലാ സമ്പന്നത്തോടുംകൂടെ ദൈവത്തിന്റെ ചരിത്രവും മർമവുമാണ്**

- ക്രിസ്തു ദൈവം ആകുന്നു
- ക്രിസ്തു മനുഷ്യൻ ആകുന്നു
  - മനുഷ്യനെന്ന നിലയിൽ അവൻ അപ്പൊസ്തലൻ / പ്രവാചകൻ / അത്ഭുതമന്ത്രി / ഗുരു / നായകൻ / യജമാനൻ / അടിമ / ഇടയൻ / സാക്ഷി / പുരോഹിതൻ / മധ്യസ്ഥൻ / ഈട് / രാജാവ് / മണവാളൻ
- ക്രിസ്തു നമ്മുടെ ആവശ്യകതകളാണ്
  - അവൻ നമ്മുടെ വെളിച്ചം / വായു / വെള്ളം / ആഹാരം / വസ്ത്രം / പാർപ്പിടം / ആസ്വാദനം / വിശ്രമം
- ക്രിസ്തു നമ്മുടെ ദിവ്യ സഹായമാണ്
  - അവൻ നമ്മുടെ ശക്തി / ജ്ഞാനം / നീതി / വിശുദ്ധീകരണം / വീണ്ടെടുപ്പ്
- ക്രിസ്തു സഭയ്ക്കുവേണ്ടിയാണ്:
  - അവൻ ശരീരത്തിന്റെ തല / തലയുടെ ശരീരം / സഭയുടെ അടിസ്ഥാനം / ദൈവാലയമായ സഭയുടെ മൂലക്കല്ല് / പുതുമനുഷ്യന്റെ എല്ലാ അംഗങ്ങളും

## ഈ മണ്ണ് സകലത്തിനും മതിയായ ദൈവവും വലിയവനായ ഞാൻ ആകുന്നവനും ആണ്

**V. ദൈവത്തിന്റെ ആവശ്യത്തെ (ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിയും, മണവാട്ടിയുടെ ഒരുക്കവും) നാം സന്ധിക്കുവാൻ നമ്മുടെ എല്ലാ ആവശ്യങ്ങളെയും സന്ധിക്കുന്ന നമുക്ക് അനുദിനം അനുഭവമാക്കുവാനും ആസ്വദിക്കുവാനും കഴിയുന്ന നമ്മുടെ സകലത്തിനും മതിയായ ദൈവവും, വലിയവനായ ഞാൻ ആകുന്നവനും ആണ് സർവ്വവും ഉൾകൊള്ളുന്ന ദേശമായ ഈ മണ്ണ്**